"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- മുനിസിപ്പൽ കോമൺ സർവ്വീസ്- കോട്ടയം മുനിസിപ്പാലിറ്റിയിലെ റവന്യൂ വിഭാഗം ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - എൽ.ഡി.ക്ലാർക്ക് ശ്രീ. ശ്രീജിത്ത് കെ.മോഹനനെതിരായ അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1359/2025/LSGD തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 14.12.2020 തീയതിയിലെ ഇ5(എസ്.സി.5 /2020/ഇആർകെ) 7080/2020നമ്പർ കത്ത്.
2. 02.12.2021 തീയതിയിലെ ഇയു2/246/2021/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.05.2025തീയതിയിലെ LSGD/PD/994/2023-VIGB6 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം നഗരസഭയിലെ റവന്യൂ 8 (R-8) സെക്ഷനിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. ശ്രീജിത്ത് കെ.മോഹനനെതിരായ സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 07.09.2020ൽ കോട്ടയം മുനിസിപ്പാലിറ്റിയിലെ റവന്യൂ വിഭാഗം ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ ശ്രീ. ശ്രീജിത്ത് കെ.മോഹനൻ 07.09.2020 തീയതി മദ്യപിച്ച ശേഷം ഡ്യൂട്ടി ചെയ്തതായി കാണപ്പെടുകയും, തുടർന്ന് മെഡിക്കൽ പരിശോധനയ്ക്ക് വിധേയനാക്കി drunkenness Certificate വാങ്ങിയതിൽ മദ്യപിച്ചതായി വ്യക്തമായിട്ടുള്ളതും ടിയാൾ ഇക്കാര്യം പരിശോധന നടത്തിയ മെഡിക്കൽ ഓഫീസർ മുമ്പാകെ സമ്മതിച്ചിട്ടുള്ളതുമാണ് എന്നും, കൂടാതെ ടിയാൾ കൈകാര്യം ചെയ്തു വരുന്ന റവന്യൂ വിഭാഗത്തിന്റെ സെക്ഷൻ -4 ലെ പ്രധാന രജിസ്റ്ററായ തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ലായെന്നും പരിശോധനയിൽ കണ്ടെത്തിയിരുന്നതിന്റെ അടിസ്ഥാനത്തിലുള്ള വിജിലൻസ് ഡയറക്ടറുടെ പരാമർശം 1 ശിപാർശ പ്രകാരം ടിയാനെതിരേ പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണമെമ്മോ/പത്രിക നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു.

2. 01.02.2022ൽ ടിയാൻ കുറ്റാരോപണമെമ്മോ/പത്രിക കൈപ്പറ്റിയിട്ടും പ്രതിവാദപത്രിക നാളിതുവരെ സമർപ്പിച്ചിട്ടില്ലെന്ന് പരാമർശം 3 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന

നിഗമനത്തിൽ ടിയാനെതിരെ KCS (CC&A) Rule 15 പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

3. മേൽ സാഹചര്യത്തിൽ കോട്ടയം നഗരസഭയിലെ റവന്യൂ 8 (R-8) സെക്ഷനിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. ശ്രീജിത്ത് കെ.മോഹനെതിരായ ആരോപണങ്ങളെ സംബന്ധിച്ച് KCS(CC&A) റൂൾ 1960, ചട്ടം 15 (2) പ്രകാരം ഔപചാരികഅന്വേഷണം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിൻറ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 02-06-2025 15:24:49
സെക്ഷൻ ഓഫീസർ